## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4691** **20.10.2011 ൽ മറുപടിക്ക്**

## കാർഷികോല്പന്നങ്ങളുടെ വില്പന നികുതിയും പർച്ചേസ് ടാക്സും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തുല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ വില്പന നികുതിയും പർച്ചേസ് ടാക്സും എത്ര വീതമാണെന്നു വ്യക്തമാക്കാമോ; | (എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം വിവിധ കാർഷികോല്പന്നങ്ങളെ തരംതിരിച്ച് വകുപ്പ് ആറ് പ്രകാരം 1%, 4%, 12.5% എന്നീ നിരക്കിൽ നികുതി ഈടാക്കുന്നു. ചില ഉല്പന്നങ്ങളെ ടി നിയമത്തിന്റെ പട്ടിക ഒന്നിൽ ഉൾപ്പെടുത്തി (0%) പൂർണ്ണമായും നികുതി വിമുക്തമാക്കിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ നികുതി നിരക്ക് അത് ഏതു പട്ടികയിൽ ഉൾപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. |

പച്ചക്കറി, ഫലവർഗ്ഗങ്ങൾ എന്നിവ ഒന്നാം പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ നികുതി വിമുക്തമാണ്. കൂടാതെ കൊപ്ര, തേങ്ങ, വെളിച്ചെണ്ണ എന്നിവയ്ക്കും നികുതിയില്ല. അരിക്ക് ഒരു ശതമാനമാണ് നികുതി നിരക്ക്. മലഞ്ചരക്ക് ഉല്പന്നങ്ങളായ റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം എന്നിവയെ മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി നാല് ശതമാനം നിരക്ക് ഈടാക്കുന്നു.

(ബി) ഇവ ഇപ്പോഴത്തെ നിരക്കിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ?

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ